വകയിൽ കുമരകത്തെ എക്സ്റേ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾ കൂടി വാങ്ങുന്നതിന് പ്രത്യേകം പരിഗണിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) വർക്കലയിലെ പ്രകൃതി ചികിൽസാകേന്ദ്രം

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, വർക്കലയിലെ പ്രകൃതി ചികിൽസാകേന്ദ്രത്തെക്കുറിച്ചാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. വർക്കലയിലെ പ്രകൃതി ചികിൽസാ കേന്ദ്രം കേരളത്തിലെ അപൂർവമായ ഒരു കേന്ദ്രമാണ്. അങ്ങ് ഉൾപ്പെടെ നമുക്കെല്ലാം വയസ്സുകാലത്ത് ചികിൽസയ്ക്ക് പറ്റിയ സ്ഥലമാണ്. ഞാനും ബഹുമാനപ്പെട്ട വി. എം. സുധീരനുംകൂടി അടുത്ത കാലത്ത് ആ കേന്ദ്രത്തിൽ പോയിരുന്നു. അവിടത്തെ രോഗികളിൽ ഒരാൾ നമ്മുടെ പഴയ ഡെപ്യൂട്ടി സ്പീക്കറും മുൻമന്ത്രിയുമായിരുന്ന ശ്രീ. ആർ. എസ്. ഉണ്ണിയാണ്. അദ്ദേഹംതന്നെ അവിടത്തെ ബുദ്ധിമുട്ടുകളും ഞങ്ങളോട് വളരെ വിശദമായി പറയുകയുണ്ടായി. വെള്ളത്തിന്റെ അഭാവം, കെട്ടിട സൗകര്യമില്ലായ്മ, കോമ്പൗണ്ട് വാൾ ഇല്ലായ്മ, ഇങ്ങനെ നിരവധി ക്ലേശങ്ങളുടെ നടുവിലാണ് ഈ കേന്ദ്രം ഇന്ന് പ്രവർത്തിച്ചുവരുന്നത്. ഇത് ഒരു ഒന്നാംതരം സ്ഥലത്താണ്, വർക്കല ബീച്ചിലാണ് സ്ഥിതിചെയ്യുന്നത്. അവിടെ ഒരു ഒന്നാംതരം പ്രകൃതി ചികിൽസാകേന്ദ്രം വളർത്തിക്കൊണ്ടുവരുന്നതിനുള്ള നടപടികളും നാം അടിയന്തിരമായി സ്വീകരിക്കണം. ശ്രീ. വി. എം. സുധീരൻ അടക്കമുള്ളവർക്ക് വയസ്സുകാലത്ത് വേണ്ടിവന്നാൽ അവിടെ ചികിൽസയ്ക്കുള്ള സൗകര്യങ്ങളുണ്ടാകും. അതുകൊണ്ട് അദ്ദേഹം ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണം. ഇതിൽ നമ്മുടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദിന്റെ വാക്കുപോലെയാകരുത്. ശ്രീ. ആര്യാടൻ മുഹമ്മദ് വർക്കലയിൽ പലതും ചെയ്യാമെന്നു പറഞ്ഞു. വാക്കല്ലാതെ വേറെയൊന്നുമില്ല. അതുകൊണ്ട് ആ രീതിയിൽ ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെയാകാതെ വാക്കുകൊടുക്കുവിലയും മതിച്ചുകൊണ്ട് ശ്രീ. വി. എം. സുധീരൻ അവിടെ പറഞ്ഞ കാര്യങ്ങൾ വിശദമായി സഭയിൽ പറയുകയും സഭ മുമ്പാകെ അതിന്റെ വികസനം സംബന്ധിച്ച രൂപരേഖ അവതരിപ്പിച്ച് ഊന്നൽ നൽകുകയും ചെയ്യണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. വി. എം. സുധീരൻ): സർ, ഞാനും ശ്രീ. വർക്കല രാധാകൃഷ്ണനുംകൂടി ഈ സ്ഥാപനം സന്ദർശിച്ചിരുന്നു. അദ്ദേഹം പറഞ്ഞതുപോലെ നമ്മുടെ പഴയ ഡെപ്യൂട്ടി സ്പീക്കറും മുൻമന്ത്രിയുമായ ശ്രീ. ഉണ്ണിച്ചേട്ടൻ അവിടെയുണ്ട്. ഞാൻ അദ്ദേഹവുമായി സംസാരിച്ചു. അദ്ദേഹത്തിന്റെ കത്ത് എനിക്ക് വന്നിരുന്നു. ഈ ആശുപത്രിയെക്കുറിച്ച് ഒരു കാര്യത്തിൽ മാത്രമേ ശ്രീ. വർക്കല രാധാകൃഷ്ണനുമായി അഭിപ്രായവ്യത്യാസമുള്ളൂ. അദ്ദേഹം ഇതിന്റെ നില വളരെ ശോചനീയമാണെന്ന് പറഞ്ഞു. അത് ശരിയല്ല. വളരെ നല്ല നിലയിലാണ്. നാച്ചുറോപ്പതിയെക്കുറിച്ച് പഠിക്കുന്നതിന് നിയുക്തമായ ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ അവിടെ പോവുകയും ഈ സ്ഥാപനത്തെ സംബന്ധിച്ച് വളരെ മതിപ്പ് രേഖപ്പെടുത്തുകയും ചെയ്തു. ഇപ്പോൾ അവിടെ ആവശ്യത്തിന് സ്റ്റാഫ് ഉണ്ട്. (മെഡിക്കൽ ആഫീസർ—3, നഴ്സ്—3, നഴ്സിംഗ് അസിസ്റ്റന്റ്—2, കുക്ക്—1, സ്കാവഞ്ചർ—1, ഗാർഡനർ—1.) ഇപ്പോൾ അവിടെ ഇരുപത് കിടക്കകളുണ്ട്. ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം അവിടെയുണ്ട്. അഞ്ച് ഏക്കർ മുപ്പത്തിയഞ്ച് സെന്റ് ഭൂമിയുണ്ട്. ഏതായാലും അവിടെയുള്ള കിടക്കകളുടെ എണ്ണം ഇരുപതിൽനിന്ന് നാൽപ്പതായി ഉയർത്തുവാൻ നാച്ചുറോപ്പതി കമ്മീഷൻതന്നെ റെക്കമെന്റ് ചെയ്തിട്ടുണ്ട്. അത് ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. നാച്ചുറോപ്പതിയെ സംബന്ധിച്ച് ഗവൺമെന്റ് വളരെ പ്രാധാന്യം കൊടുത്തുവരികയാണ്. ഇത് ഇപ്പോൾ ഐ. എസ്. എം. ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായിട്ടാണ് നിൽക്കുന്നത്, പ്രത്യേകമായി ഒരു നാച്ചുറോപ്പതി ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതിനു നടപടി സ്വീകരിച്ചുവരികയാണ്. താമസിയാതെ അന്തിമ തീരുമാനമെടുക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അതുപോലെ നാച്ചുറോപ്പതി രംഗത്ത് ചില വിദ്യാഭ്യാസ സ്ഥാപനങ്ങളും ജില്ലാതലത്തിൽ ചില ആശുപത്രികളും തുടങ്ങുന്ന കാര്യവും ഗവൺമെന്റിന്റെ പരിഗണനയിലുണ്ട് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പറെയും സഭയെയും അറിയിക്കുകയാണ്

(8) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് അംഗീകരിച്ച പെൻഷൻ പദ്ധതി

ശ്രീ. ഒ. രേതൻ: സർ, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ബസ് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പെൻഷൻ പദ്ധതിയെ സംബന്ധിച്ചാണ് ഞാൻ ഉന്നയിക്കുന്നത്. അതിപ്രധാനമായ ഒരു മേഖലയിലാണ് ബസ് ട്രാൻസ്പോർട്ട് തൊഴിലാളികൾ പണിയെടുക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് തൊണ്ണൂറായിരത്തോളം സ്വകാര്യ ബസ് ട്രാൻസ്പോർട്ട് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നിയമപരമായിട്ടുള്ള യാതൊരാനുകൂല്യവും ലഭിക്കാത്തവരാണ് ഈ തൊഴിലാളികൾ അവർക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ലേബർ വെൽഫെയർ ഫണ്ട് ബോർഡ് പലപ്രാവശ്യം ചർച്ച ചെയ്ത് ഒരു പെൻഷൻ സ്കീമിന് അന്തിമരൂപം നൽകിയിട്ടുണ്ട്. ആ പെൻഷൻ സ്കീമിൽ തൊഴിലാളികളുടെ വിഹിതത്തിന്റെ രണ്ടുശതമാനവും മാനേജ്മെന്റ് വിഹിതത്തിന്റെ രണ്ടുശതമാനവും കൂട്ടിച്ചേർത്ത് പെൻഷൻ പദ്ധതിക്ക് ആവശ്യമായിട്ടുള്ള നിക്ഷേപമുണ്ടാക്കണമെന്നാണ് പറയുന്നത്. ഗവൺമെന്റിന്റെ സാമ്പത്തിക സഹായമൊന്നും ആ സ്കീമിൽ പ്രതീക്ഷിക്കുന്നില്ല. പക്ഷെ തൊഴിലാളികളുടെ കോൺട്രിബ്യൂഷന്റെ രണ്ടുശതമാനം വരുന്ന സംഖ്യ മാനേജുമെന്റ് കൊടുക്കുന്നതോടൊപ്പം ഗവൺമെന്റുകൂടി കൊടുക്കാൻ ആവശ്യമായ നടപടിയെടുക്കണം. ഇപ്പോൾ പല മേഖലകളിലും ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ ഉപയോഗിച്ച് പെൻഷൻ കൊടുക്കുന്നുണ്ട്. അതുകൊണ്ട് സംസ്ഥാനത്തെ ഒരു പ്രധാനപ്പെട്ട ദൗത്യം നിർവ്വഹിക്കുന്ന ഈ ബസ് ട്രാൻസ്പോർട്ട് തൊഴിലാളികളുടെ പെൻഷൻ ഫണ്ടിലേക്ക് രണ്ട് ശതമാനം വരുന്ന സംഖ്യ ഗവൺമെന്റുകൂടി കോൺട്രിബ്യൂട്ട് ചെയ്യണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഇപ്പോൾ മിനിമം പെൻഷൻ 150 രൂപയും മാക്സിമം 200 രൂപയുമാണ്. ഇത് വർദ്ധിപ്പിക്കാനും അടിയന്തിരമായി ഈ പെൻഷൻ പദ്ധതിക്ക് ഗവൺമെന്റ് അംഗീകാരം കൊടുത്ത് നടപ്പിലാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly